LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലാ സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

9 [623] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലെ ജില്ലാ സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളാണ് ജില്ലയ്ക്ക് പുറത്തു പ്രവർത്തിക്കുന്നത്;

(ബി) വയനാട് ജില്ലാ സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എവിടെയാണ് സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതുമെന്ന് അറിയിക്കാമോ;

(സി) വയനാട് ജില്ലാ സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് വയനാടുള്ള കരണി എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാനുള്ള ഉത്തരവ് എന്ന് പുറപ്പെടുവിച്ചു;

(ഡി) കരണിയിൽ പ്രസ്തുത ഓഫീസിന്റെ ഉദ്ഘാടനം എന്ന് നടത്തി;

(ഇ) ആരാണ് ആ ഓഫീസിന്റെ ഉദ്ഘാടനം നടത്തിയത്;

(എഫ്) കരണിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട കെട്ടിടത്തിലേക്ക് പ്രസ്തുത ഓഫീസ് മാറ്റിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) ഈ ഓഫീസ് എത്രയും വേഗം കരണിയിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ മാത്രമാണ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ജില്ലയ്ക്കു പുറത്ത് പ്രവർത്തിക്കുന്നത്.

(ബി) വയനാട് ജില്ലാ സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കോഴിക്കോടാണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോഴും അവിടെത്തന്നെ പ്രവർത്തിച്ചുവരുന്നു.

(സി) 10-12-2003-ൽ.

(ഡി) 24-1-2004-ൽ.

(ഇ) മുൻ എം. പി. ശ്രീ. കെ. മുരളീധരൻ.

(എഫ്) ഇല്ല. അനുയോജ്യമായ സജ്ജീകരണങ്ങൾ ലഭ്യമാകാത്തതുകൊണ്ട് ഇതുവരെ മാറ്റിയിട്ടില്ല.

(ജി) 28-6-2004-ൽ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം 15-7-2004 മുതൽ ടി ഓഫീസ് വയനാട്ടിലെ കരണിയിൽ പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

റവന്യൂ വകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

10 [624] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികയിലേതാണെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ സ്ഥിരം, താൽക്കാലികം എന്നീ തസ്തികകൾ സംബന്ധിച്ച വിവരം അറിയിക്കാമോ;

(ഡി) ഇതിൽ പ്രമോഷൻ നൽകിയിട്ടുള്ളവരുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ഇ) ഇനി തയ്യാറാക്കാനുള്ള സീനിയോറിറ്റി ലിസ്റ്റുകൾ ഏതെല്ലാമെന്നും അവ എന്നത്തേക്ക് തയ്യാറാക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. അഡീഷണൽ വില്ലേജ് അസിസ്റ്റന്റ്, അഡീഷണൽ വില്ലേജ് ഓഫീസർ
2. എൽ.ഡി.സി./വി.എ.
3. യു.ഡി.സി./എസ്.വി.ഒ.
4. എച്ച്.സി./ആർ.ഐ.
5. ഡി.റ്റി./ജെ.എസ്.
6. തഹസിൽദാർ എന്നീ തസ്തികകളിലെ ലിസ്റ്റ് നിലവിലുണ്ട്.

(സി) എൽ.ഡി.സി./വി.എ. തസ്തികയിൽ 31-12-2000 വരെയുള്ളവരുടെ സ്ഥിരം ലിസ്റ്റും, 1-1-2001 മുതൽ 31-12-2001 വരെയുള്ള ജീവനക്കാരുടെ താൽക്കാലിക ലിസ്റ്റും നിലവിലുണ്ട്.

യു.ഡി.സി./എസ്.വി.ഒ.-മാരുടെ 31-5-1996 വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമവും 1-6-1996 മുതൽ 31-12-2000 വരെയുള്ളത് താൽക്കാലികവുമാണ്.

എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികയിൽ 31-12-1998 വരെ അന്തിമ ലിസ്റ്റും 1-1-1999 മുതൽ 31-12-2000 വരെയുള്ള ജീവനക്കാരുടെ താൽക്കാലിക ലിസ്റ്റും നിലവിലുണ്ട്.

ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ 31-12-2002 വരെയുള്ളത് സ്ഥിരമാണ്. താൽക്കാലിക ലിസ്റ്റ് നിലവിലില്ല.

തഹസിൽദാർ തസ്തികയിൽ 31-12-2003 വരെയുള്ളവരുടെ സ്ഥിരം ലിസ്റ്റാണ് നിലവിലുള്ളത്.

അഡീഷണൽ വില്ലേജ് അസിസ്റ്റന്റുമാരുടെ 31-12-2001 വരെയുള്ളതും, അഡീഷണൽ വില്ലേജ് ഓഫീസർമാരുടെ 10-9-1984 വരെയുള്ളതുമായ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്.

(ഡി) ഓരോ തസ്തികയിലും അവസാനം പ്രൊമോഷൻ നൽകിയിട്ടുള്ള വരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) 1-1-2002 മുതലുള്ള എൽ.ഡി.സി./വി.എ., 1-1-2001 മുതലുള്ള യു.ഡി.സി./എസ്.വി., 1-1-2001 മുതലുള്ള എച്ച്.സി./ആർ.ഐ., 1-1-2003 മുതലുള്ള ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകളാണ് തയ്യാറാക്കാനുള്ളത്. ഇവ സമയബന്ധിതമായി തയ്യാറാക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly